മിസ്റ്റർ സ്പീക്കർ: ഇത് സുപ്രീം കോടതിയുടെ വിധിയാണ്. അതിനെപ്പറ്റി പാർലമെന്റിൽ ചില മെമ്പർമാർ റെയ്സ് ചെയ്തിരുന്നു. പ്രതിപക്ഷ നേതാവ് അത് ശ്രദ്ധയിൽ കൊണ്ടുവന്നുവെന്നേയുള്ളൂ. അല്ലാതെ അത് ഇവിടെ പ്രശ്നമല്ല.

VII. റിപ്പോർട്ട് സമർപ്പണം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട്

ശ്രീ. എം. എം. ഹസ്സൻ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 21-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(2) പൊതുമേഖലാസ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ റിപ്പോർട്ട്

ശ്രീ. പി. സീതിഹാജി : സർ, പൊതുമേഖലാസ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ 1984-86-ലെ 21-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(3) പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ട്

ശ്രീ. സി. വാസുദേവമേനോൻ : സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 86-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

ശ്രീ. ഇ. കെ. നായനാർ: സർ, പി. എ. സി. റിപ്പോർട്ടിനെപ്പറ്റി ചർച്ച ചെയ്യണം.

മിസ്റ്റർ സ്പീക്കർ: ശ്രീ. സി. വാസുദേവമേനോൻ പി. എ. സി. യുടെ ചെയർമാനെന്ന നിലയിൽ ഇത് സംബന്ധിച്ച് സ്റ്റേറ്റുമെന്റിന് അനുവാദം ചോദിച്ചു. ചെയർ അദ്ദേഹത്തോട് വേണ്ടായെന്ന് ഉപദേശിച്ചു. സാധാരണ ചർച്ച ചെയ്യുന്ന പതിവ് ഇവിടെ വന്നിട്ടില്ല. ചർച്ച ചെയ്യണമെന്ന അഭിപ്രായം ശില്പശാലയിൽ വന്നിട്ടുണ്ട്. അത് ശില്പശാല ഇംപ്ലിമെന്റേഷൻ കമ്മിറ്റി കൂടി തീരുമാനിക്കും. അത് ഒരു തുടക്കമാക്കേണ്ടതാണെന്നാണ് ചെയറിന്റെ അഭിപ്രായം.

VIII. സ്റ്റാറ്റ്യൂട്ടറി പ്രമേയം

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): സർ, 1984-ലെ ഇന്ത്യൻ വെറ്ററിനറി കൗൺസിൽ ആക്റ്റ് കേരള സംസ്ഥാനത്ത് സ്വീകരിക്കേണ്ടതാണെന്ന താഴെ പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

"മൃഗചികിൽസ സംബന്ധിച്ച പരിശീലനവും പ്രാക്ടീസും ക്രമീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അഥവാ അതിനു സഹായകവും ആനുഷംഗികവും ആയതോ ആയ എല്ലാ കാര്യങ്ങൾക്കുവേണ്ടിയും ഭാരതം മുഴുവൻ ഒരു ഏകീകൃത നിയമം ഉണ്ടായിരിക്കേണ്ടത് അഭിലഷണീയമാണെന്ന് ഈ സഭ കരുതുന്നതിനാലും:

LIBRARY ARCHIVES Kerala Legislative Assembly

അപ്രകാരമുള്ള നിയമവിഷയം പ്രധാനമായും ഇന്ത്യൻ ഭരണഘടനയുടെ ഏഴാം പട്ടികയിലെ II-ാം ലിസ്റ്റിലെ 15-ഉം 32-ഉം കുറിപ്പുകളിലും III-ാം ലിസ്റ്റിലെ 26-ാം കുറിപ്പിലും ചേർത്തിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചുള്ളതായതിനാലും;

ഇന്ത്യൻ ഭരണഘടനയുടെ 249-ഉം 250-ഉം അനുച്ഛേദങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമല്ലാതെ മേല്പറഞ്ഞ II-ാം ലിസ്റ്റിലെ 15-ഉം 32-ഉം കുറിപ്പുകളിൽ ചേർത്തിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് സംസ്ഥാനങ്ങൾക്കുവേണ്ടി അപ്രകാരമുള്ള ഒരു നിയമമുണ്ടാക്കുന്നതിന് പാർലമെന്റിന് അധികാരമില്ലാത്തതിനാലും;

ഭരണഘടനയുടെ 252-ാം അനുച്ഛേദം (1)-ാം ഖണ്ഡ പ്രകാരമുള്ള അധികാരങ്ങൾ ഹേതുവായും, ഹരിയാന, ബീഹാർ, ഒറീസ, ഹിമാചൽപ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലെ എല്ലാ നിയമസഭകളും പാസ്സാക്കിയ പ്രമേയങ്ങളനുസരിച്ച് പാർലമെന്റ് 1984-ലെ ഇന്ത്യൻ വെറ്ററിനറി കൗൺസിൽ ആക്ട് (1984-ലെ 52) പാസ്സാക്കിയിട്ടുള്ളതിനാലും;

1984-ലെ ഇന്ത്യൻ വെറ്ററിനറി കൗൺസിൽ ആക്റ്റ് (1984-ലെ 52) ഹരിയാന, ബീഹാർ, ഒറീസ്സാ, ഹിമാചൽ പ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളൊട്ടാകെയും, എല്ലാ കേന്ദ്രഭരണ പ്രദേശങ്ങൾക്കും ആദ്യമായി വ്യാപിച്ചിരിക്കുന്നതിനാലും;

ഭരണഘടനയുടെ 252-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം ഈ ആവശ്യത്തിലേക്കായി പാസ്സാക്കുന്ന പ്രമേയംവഴി ഈ ആക്ട് അംഗീകരിക്കുന്ന മറ്റ് സംസ്ഥാനങ്ങൾക്കും പ്രസ്തുത ആക്ട് വ്യാപിപ്പിക്കുമെന്നുള്ളതിനാലും;

1984-ലെ ഇന്ത്യൻ വെറ്ററിനറി കൗൺസിൽ ആക്ട് (1984-ലെ 52) കേരള സംസ്ഥാനത്ത് സ്വീകരിക്കുന്നത് അഭികാമ്യമാണെന്ന് ഈ സഭയ്ക്ക് തോന്നുന്നതിനാലും;

ഇപ്പോൾ, അതിനാൽ ഭരണഘടനയുടെ 252-ാം അനുച്ഛേദം (1)-ാം ഖണ്ഡമനുസരിച്ച്, 1984-ലെ ഇന്ത്യൻ വെറ്ററിനറി കൗൺസിൽ ആക്ട് (1984-ലെ 52) കേരള സംസ്ഥാനത്ത് സ്വീകരിക്കേണ്ടതാണെന്ന് ഈ സഭ ഇതിനാൽ തീരുമാനിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ശ്രീ. കെ. പി. നൂറുദ്ദീൻ: വളരെ ദീർഘമായി ഞാൻ സംസാരിക്കുന്നില്ല. സഭയുടെ മുമ്പാകെ ഈ പ്രമേയത്തിന്റെ ആശയം വന്നിട്ട് വർഷങ്ങളായി. 1979-ൽ ആണ് ഇങ്ങനെയൊരു പ്രമേയം അവതരിപ്പിക്കാൻ ഇവിടെ കൊണ്ടുവന്നത്. ഈ പ്രമേയം ഈ സഭയുടെ മുമ്പാകെ വരുമ്പോൾ കേന്ദ്രനിയമം പാർലമെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണ്. അന്ന് ഇങ്ങനെയൊരു നിയമം പാസ്സാക്കുന്നതിന് പാർലമെന്റിനെ അധികാരപ്പെടുത്തുന്ന പ്രമേയമാണ് കൊണ്ടുവന്നത്. പക്ഷേ അന്ന് ആ പ്രമേയം

LIBRARY ARCHIVES Kerala Legislative Assembly

പാസ്സാക്കാൻ സാധിച്ചില്ല. പാർലമെന്റ് നിയമം പാസ്സാക്കുകയും 1984 ഓഗസ്റ്റ് 18-ാം തീയതി ആ നിയമത്തിന് പ്രസിഡന്റിന്റെ അംഗീകാരം കിട്ടുകയും ചെയ്തു. ഈ പ്രമേയം കേന്ദ്രനിയമം ഈ സംസ്ഥാനത്ത് ബാധകമാക്കണമെന്ന് ആവശ്യപ്പെടുന്ന പ്രമേയമാണ്. മൃഗചികിത്സക്കും അവയോടനുബന്ധിച്ചുള്ള കാര്യങ്ങൾ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഉള്ള ഒരു നിയമമാണ് ഇന്ത്യൻ വെറ്ററിനറി കൗൺസിൽ ആക്ട്. ഈ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് സംസ്ഥാന വെറ്ററിനറി കൗൺസിലും കേന്ദ്ര വെറ്ററിനറി കൗൺസിലും രൂപീകരിക്കാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഇന്ത്യൻ വെറ്ററിനറി കൗൺസിലുമായി ആലോചിച്ച് മാത്രമേ കേന്ദ്ര ഗവൺമെന്റ് മേലിൽ വെറ്ററിനറി ബിരുദങ്ങൾ അംഗീകരിക്കുകയുള്ളൂ. ബിരുദം നൽകുന്ന സ്ഥാപനങ്ങളിൽ കോളേജുകൾ പരിശോധിക്കാൻ വേണ്ടി നിർദ്ദേശങ്ങൾ നൽകാനും കൗൺസിലിന് അധികാരമുണ്ട്. വേണ്ടത്ര നിലവാരം പുലർത്താത്ത കോളേജിന്റെ അംഗീകാരം പിൻവലിക്കാനും കേന്ദ്രഗവൺമെന്റിനോട് ശുപാർശ ചെയ്യാനും കൗൺസിലിന് അധികാരമുണ്ട്. വെറ്ററിനറി പ്രാക്ടീഷണർമാരുടെ സംസ്ഥാന രജിസ്റ്ററും കേന്ദ്ര രജിസ്റ്ററും ഉണ്ടാക്കാനും വെറ്ററിനറി പ്രാക്ടീഷണർമാരുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ നൽകാനും അത് റദ്ദാക്കാനും ഈ നിയമത്തിൽ വ്യവസ്ഥയുണ്ട്. രജിസ്റ്റർ ചെയ്യപ്പെട്ട പ്രാക്ടീഷണർമാരുടെ അച്ചടക്കവും പെരുമാറ്റച്ചട്ടങ്ങളും നിർദ്ദേശിക്കാൻ നിയമത്തിൽ വ്യവസ്ഥയുണ്ട്. നിയമം അനുശാസിക്കാത്ത പ്രാക്ടീഷണർമാരെ ശിക്ഷിക്കാനും നിയമം അനുശാസിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): (തുടർച്ച)

സർ, ഈ നിയമം നടപ്പിലാക്കുന്നതിനാവശ്യമായ റൂളുകൾ തയ്യാറാക്കുവാൻ കേന്ദ്രഗവൺമെന്റിനും സംസ്ഥാനഗവൺമെന്റിനും അധികാരമുണ്ട്. മൃഗചികിത്സാ പ്രവർത്തനങ്ങളിൽ ക്രമീകരണങ്ങളും അച്ചടക്കവും വരുത്തുന്നതുമൂലം ഡോക്ടർമാരുടെ മെച്ചപ്പെട്ട സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനും കഴിയും. വെറ്ററിനറി കൗൺസിലിൽ പങ്കെടുക്കുവാൻ സംസ്ഥാന വകുപ്പു തലവന് അവസരം ലഭിക്കുന്നതു മൂലം മൃഗചികത്സാരംഗത്തും വെറ്ററിനറി വിദ്യാഭ്യാസരംഗത്തും വരുത്തേണ്ട പരിഷ്കാരങ്ങളും ആവശ്യങ്ങളും ഉന്നയിക്കുവാൻ അവസരം ലഭിക്കുന്നു. പാർലമെന്റിൽ ഈ ബില്ല് അവതരിപ്പിക്കുന്നതിനുമുമ്പുതന്നെ ഹരിയാന, ഒറീസ്സ, ബീഹാർ, ഹിമാചൽ പ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാന നിയമസഭകൾക്ക് ഈ നിയമം നിർമ്മിക്കുന്നതിന് പാർലമെന്റിനെ അധികാരപ്പെടുത്തിക്കൊണ്ട് പ്രമേയം പാസ്സാക്കിയിരുന്നു. കേന്ദ്രനിയമം വന്നതിനുമുമ്പ് ഈ നിയമം ബാധകമാക്കിയിരുന്ന ചില സംസ്ഥാനങ്ങളും ആ പ്രമേയങ്ങൾ അദംഗീകരിക്കുകയുണ്ടായി. ചില സംസ്ഥാനങ്ങൾക്ക് നേരത്തെ തന്നെ അങ്ങനെയൊരു നിയമം സംസ്ഥാനയടിസ്ഥാനത്തിൽ ഉണ്ടായിരുന്നു. കേരളവും അങ്ങനെ ഒരു നിയമം ഉണ്ടാക്കുന്നതിനുവേണ്ടി 1968-ൽ നിയമസഭയിൽ ഒരു ബില്ല് അവതരിപ്പിക്കുകയുണ്ടായി. പക്ഷേ അന്ന് ആ നിയമം പാസ്സാക്കിയില്ല. പല പ്രാവശ്യം ആ പ്രമേയം അവതരിപ്പിക്കുവാൻ നോട്ടീസ് നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ ഇതുവരെയും നിയമസഭയിൽ അവതരിപ്പിക്കുവാൻ കഴിഞ്ഞില്ല. അതു കൊണ്ടാണ് കേന്ദ്രനിയമം പാസ്സാക്കുന്നതിനു മുമ്പായി സംസ്ഥാന നിയമസഭയുടെ അഭിപ്രായം അറിയാൻ കഴിയാതെ വന്നത്. ഈ പ്രമേയം പാസ്സാകാതിരുന്നാൽ കേന്ദ്രനിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സംസ്ഥാന വെറ്ററിനറി കൗൺസിൽ നമ്മുടെ സംസ്ഥാനത്ത് രൂപീകരിക്കുവാൻ കഴിയുകയില്ല. അതുമൂലം സംസ്ഥാന ത്തുള്ള വെറ്ററിനറി ഡോക്ടർമാർക്ക് രജിസ്ട്രേഷൻ നൽകുവാനും കഴിയുകയില്ല. അങ്ങനെ വരുമ്പോൾ വെറ്ററിനറി ഡോക്ടർമാർക്ക് നൽകുന്ന സർട്ടിഫിക്കറ്റുകളും മറ്റും അന്യ സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും അംഗീകരിക്കപ്പെടുകയുമില്ല. ഇവിടത്തെ വെറ്ററിനറി ബിരുദവും സംസ്ഥാനത്തിനു പുറത്തു അംഗീകാരം ലഭിക്കുക യില്ല. ഇക്കാരണങ്ങളാൽ ഈ പ്രമേയം പാസ്സാക്കേണ്ടത് ഒരു പൊതുവായ ആവശ്യ മാണ്. ഇതിന്റെ ചുരുക്കം കാര്യങ്ങൾ മാത്രമാണ് ഞാൻ ഇവിടെ പറഞ്ഞത്. പാർല മെന്റ് പാസ്സാക്കിയ നിയമത്തിന്റെ ആനുകൂല്യങ്ങളും വ്യവസ്ഥകളും ഈ സംസ്ഥാന ത്തിനു ലഭിക്കാൻ അവസരം ഉണ്ടാക്കണമെന്നുള്ളതാണ് ഈ പ്രമേയത്തിന്റെ ചുരുക്കം. അതുകൊണ്ട് ഈ പ്രമേയം പാസ്സാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, താഴെ പറയുന്ന ഭേദഗതി അവതരി പ്പിക്കുന്നു.

In the resolution, in paragraphs 7 & 8 after the words "in the State of Kerala" the words "with effect from 18-8-1984" shall be added.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, താഴെ പറയുന്ന ഭേദഗതി അവതരി പ്പിക്കുന്നു.

In the resolution, in the last paragraph after the words "in the State of Kerala" the words "with effect from 1-8-1985" shall be added.

ശ്രീ. എ. സി. ജോസ്: സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. ഭരണ ഘടന 252-ാം വകുപ്പനുസരിച്ച് ഏതെങ്കിലും രണ്ട് സ്റ്റേറ്റുകൾക്ക് പാർലമെന്റിന്റെ അധി കാരപരിധിയിൽ പെടാത്ത ഏതെങ്കിലും കാര്യത്തെക്കുറിച്ച് നിയമം ഉണ്ടാക്കണമെങ്കിൽ സഭ ഒരു പ്രമേയം വഴി പാർലമെന്റിനെ അങ്ങനെ ഒരു നിയമം ഉണ്ടാക്കാൻ അധികാ രപ്പെടുത്തുകയും അങ്ങനെ പാർലമെന്റിൽ നിയമം ഉണ്ടാക്കിക്കഴിഞ്ഞാൽ ഏതെങ്കിലും സംസ്ഥാനത്തിന് അത് അംഗീകരിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ അംഗീകരിക്കുകയും ചെയ്യാം. ഈ വകുപ്പ് പ്രകാരം ഹരിയാന, ഒറീസ്സ തുടങ്ങിയ സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് കേന്ദ്രഗവൺമെന്റ് ഇന്ത്യൻ പാർലമെന്റിൽ ഇങ്ങനെയൊരു നിയമം പാസ്സാക്കുന്നതിന് അനുമതി വാങ്ങുകയും നിയമം ഉണ്ടാക്കുകയും ആ നിയമം ഇന്ന് പ്രാബല്യത്തിൽ വരികയും ചെയ്തിരിക്കുന്നു. ഈ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഇന്ത്യയിലെ ഏറെക്കുറെ വലിയ സംസ്ഥാനങ്ങൾക്ക് പൊതുവായ

LIBRARY ARCHIVES Kerala Legislative Assembly

നിയമം ഇന്ത്യയിലെ മറ്റ് പല സംസ്ഥാനങ്ങളും അംഗീകരിച്ചിരിക്കുകയാണ്. നമ്മളും ഈ നിയമം അംഗീകരിക്കേണ്ടതാവശ്യമാണ്. ഇതിനെക്കുറിച്ച് ആർക്കെങ്കിലും തർക്ക മുണ്ടാകുമെന്നു എനിക്ക് തോന്നുന്നില്ല. മൃഗങ്ങളല്ല മനുഷ്യരെങ്കിലും മൃഗങ്ങളെക്കാൾ മാന്യസ്ഥാനീയരായ മനുഷ്യരെ സംബന്ധിച്ചിടത്തോളം മൃഗങ്ങളില്ലാതെ ജീവിക്കാൻ കഴിയുകയില്ല. പ്രത്യേകിച്ചും വനസംരക്ഷണത്തിനു വേണ്ടിയും സാമൂഹ്യവനവൽക്ക രണത്തിനു വേണ്ടിയും വളരെയധികം ശബ്ദം ഉയർത്തുകയും പണം ചെലവാക്കു കയും ചെയ്യുന്ന ഈ സന്ദർഭത്തിൽ മരങ്ങളോടു കാണിക്കുന്ന സ്നേഹമെങ്കിലും മൃഗങ്ങളോടു കാണിക്കാതെ നിവൃത്തിയില്ല. മൃഗങ്ങൾ മനുഷ്യജീവിതത്തിന്റെ അവി ഭാജ്യഘടകമായതുകൊണ്ട് മൃഗങ്ങളെ സംരക്ഷിക്കാൻ അത്യന്താപേക്ഷിതമായി നടപടി കൾ സ്വീകരിക്കണം. ഇന്ത്യ ഒരു കാർഷിക രാജ്യമാണ്. 1980-81-ലെ കണക്കനുസ രിച്ച് 60,493 കോടി രൂപയാണ് നമ്മുടെ കാർഷികാവശ്യങ്ങൾക്കുള്ള ഔട്ട്പുട്ട്. അതിൽ 19,864 കോടി രൂപയാണ് മൃഗസംരക്ഷണത്തിനും മൃഗസംരക്ഷണ ശാസ്ത്രത്തിനും വേണ്ടി ചെലവാക്കിയത്. ഇന്ത്യ ലോകത്തിലെ ഏറ്റവും കൂടുതൽ മൃഗസമ്പത്തുള്ള രാജ്യങ്ങളിൽ ഒന്നാണ്. ലോകത്തിൽ ആകെയുള്ള എരുമകളിൽ പകുതിയിലധികം ജീവിക്കുന്നത് ഇന്ത്യയിലാണ്. ആടുമാടുകളുടേയും മറ്റ് മൃഗങ്ങളുടേയും കാര്യത്തിൽ ഭാരതം പണ്ട് മുതലേ സന്തുഷ്ടമാണ്. നമ്മുടെ പുരാണങ്ങളിൽ ഇതിനെക്കുറിച്ച് പറയുന്നുണ്ട്. ശ്രീകൃഷ്ണലീലയിൽ ശ്രീകൃഷ്ണന്റേയും ഗോപസ്ത്രീകളുടേയും ഗോക്കളുടേയും കാര്യമാണ് പറയുന്നത്. പുരാണങ്ങൾ തന്നെ അത്തരം കാര്യങ്ങ ളാൽ നിബന്ധമാണ്. ഈ നിയമം നടപ്പിലാക്കുവാൻ ഇപ്പോൾതന്നെ വൈകിയിരിക്കു കയാണ്. ഈ നിയമം പാസ്സാക്കുന്നതുകൊണ്ടുള്ള ഏറ്റവും വലിയ ഗുണം എന്നു പറ യുന്നത് നാം മൃഗ ശാസ്ത്രജ്ഞന്മാർക്ക് മാന്യത കൊടുക്കുന്നു എന്നുള്ളതാണ്. കുത്തഴിഞ്ഞ പുസ്തകം പോലെ കിടന്ന ഈ ശാസ്ത്രത്തെ ക്രോഡീകരിക്കാനും അതിന് മാന്യത കൊടുക്കാനും സാധിക്കും. നമ്മുടെ നാട്ടിലെ മൃഗഡോക്ടർമാരെ സംബന്ധിച്ചിടത്തോളം അവർക്കാവശ്യമായ ക്വാളിഫിക്കേഷൻ ഉണ്ടോ എന്ന കാര്യ ത്തിൽ പലർക്കും ഇന്ന് സംശയമുണ്ട്. മറ്റേതു ശാസ്ത്രത്തേയും പോലെ തന്നെ വളർച്ചയില്ലാതെ കിടന്ന ഒന്നാണിത്. ഇപ്പോൾ നാം അതിനെ വളരെയേറെ ശ്രദ്ധിക്കു ന്നുണ്ട്. ആ ശ്രദ്ധയുടെ ഫലമായി ഇവിടെയിപ്പോൾ വെറ്റിറനറി കോളേജുകളുണ്ട്. ഒരു വെറ്റിനറി കോളേജ് കൂടി ആരംഭിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പ്രഖ്യാപിക്കുകയുണ്ടായി. നമ്മുടെ ചുറ്റുപാടുമുള്ള മൃഗസമ്പത്ത് സംരക്ഷിക്കുന്നതിനാ വശ്യമായ നടപടികൾ സ്വീകരിക്കാൻ നമുക്ക് സാധിക്കണം. നമ്മുടെ രാജ്യത്തുനിന്നും ഇപ്പോൾ കയറ്റി അയയ്ക്കുന്ന ഏറ്റവും വലിയ സമ്പത്ത് മനുഷ്യസമ്പത്താണ്. ഈ നിയമം പാസ്സാക്കിയാലുള്ള ഏറ്റവും വലിയ ഗുണം ക്വാളിഫിക്കേഷനുള്ള ആളുകൾക്ക് പുറത്തുപോയി ജോലി ചെയ്യാനും തന്മൂലം നമ്മുടെ സമ്പദ്ഘടന തന്നെ അഭിവൃദ്ധിപ്പെടുത്താനും കഴിയും. ഇവിടെ രണ്ടോ മൂന്നോ വെറ്റിനറി കോളേജുകൾ

LIBRARY ARCHIVES Kerala Legislative Assembly

കൂടി സ്ഥാപിക്കാൻ കഴിഞ്ഞാൽ അത്രയും നല്ലത് എന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഏതു ഭാഗത്തുനോക്കിയാലും ആവശ്യത്തിനു മൃഗഡോക്ടർമാരില്ല. മൃഗഡോക്ടർമാരെ പരിശീലിപ്പിച്ചു അയയ്ക്കാൻ കഴിഞ്ഞാൽ തൊഴിലില്ലായ്മക്ക് നല്ലൊരു പരിഹാരമാകും. വിദേശരാജ്യങ്ങളിൽതന്നെ മൃഗഡോക്ടർമാർക്ക് ധാരാളം തൊഴിൽസാദ്ധ്യതകളുണ്ട്. ഇന്നുള്ള ബുദ്ധിമുട്ട് പാസ്സായ ആളുകൾക്ക് രജിസ്ട്രേഷനില്ല. അവർക്കൊരു യൂണിഫോം നിയമമില്ല. അവർക്ക് കൊടുക്കുന്ന സർട്ടിഫിക്കറ്റുകളും ബിരുദവും മറ്റും അംഗീകരിക്കുന്നില്ല. ഇത് ഇവിടത്തെ എല്ലാ പ്രൊഫഷണൽ കോളേജുകൾക്കും ഉള്ളതാണ്.

സർ, അഭിഭാഷകരെ സംബന്ധിച്ചിടത്തോളം, ഡോക്ടർമാരെ സംബന്ധിച്ചിടത്തോളം; എഞ്ചിനീയർമാരെ സംബന്ധിച്ചിടത്തോളം ഇവർക്കെല്ലാം കേന്ദ്രീകൃതമായ ഒരു സംഘടനയും നിയമപരമായ ഒരു സ്വാതന്ത്ര്യവുമുള്ളതാണ്. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അനുവാദമുണ്ടെങ്കിലെ ഡോക്ടർമാർക്ക് പ്രാക്ടീസ് ചെയ്യാൻ കഴിയുകയുള്ളൂ. അതുപോലെതന്നെയാണ് ഈ മൃഗഡോക്ടർമാരെ സംബന്ധിച്ചിടത്തോളവും. ഇതിന് സംസ്ഥാനതലത്തിൽ ഒരു നിയമമുണ്ടാക്കുകയും, ഒരു ബോഡിയുണ്ടാക്കി അവരെ രജിസ്ട്രേഷൻ നടത്തുകയും ചെയ്യുന്നതിന് ഈ നിയമത്തിലിന്ന് അധികാരമുണ്ട്. അതുകൊണ്ട് തന്നെ നമ്മുടെ ഡോക്ടർമാരുടെ സർട്ടിഫിക്കറ്റുകൾ പുറത്ത് വാലിഡ് ആക്കാൻ കഴിയുന്നതാണ്. അതിനേക്കാൾ ഉപരിയായി ഇപ്പോൾ കാറ്റിൽ ഇൻഷ്വറൻസ് ഏർപ്പെടുത്തുകയാണ്. കാറ്റിൽ ഇൻഷ്വറൻസ് ഇന്ന് വ്യാപകമായി തീരാൻ പോവുകയാണ്. കാറ്റിൽ ഇൻഷ്വറൻസ് വ്യാപകമാവുമ്പോൾ സ്വാഭാവികമായും ഇതുമായി ബന്ധപ്പെട്ട കേസുകളും ഉണ്ടാകും. കാറ്റിൽ ഇൻഷ്വറൻസ് ബ്രാഞ്ച് എന്ന ഒരു ലിറ്റിഗേഷൻ ബ്രാഞ്ച് ഉണ്ടാകുകയാണ്. അങ്ങനെയാവുമ്പോൾ അവിടെ തെളിവെടുക്കുന്നതിനും തെളിവ് കൊടുക്കുന്നതിനും ആർക്ക് കഴിയും എന്ന പ്രശ്നംകൂടി ഉൽഭവിക്കുകയാണ്. ഇതെല്ലാം നമ്മൾ ദൂരക്കാഴ്ചയോടുകൂടി മുമ്പ് ചെയ്യേണ്ട കാര്യങ്ങളായിരുന്നു. ഇപ്പോഴെങ്കിലും നമുക്ക് ചെയ്യാൻ കഴിഞ്ഞിട്ടുള്ളതുകൊണ്ട് ആവുന്നത്ര വേഗം ഈ പ്രമേയം പാസ്സാക്കി ഈ നിയമം നടപ്പിലാക്കാൻ ശ്രമിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

എനിക്ക് ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് ഈ രാജ്യത്തെ മൃഗങ്ങളെ ബാധിക്കുന്ന രോഗത്തേയും അവയുടെ മറ്റു കാര്യങ്ങളേയും നിയന്ത്രിക്കാനാവശ്യമായിട്ടുള്ള സമഗ്രമായ ഒരു നിയമമില്ല എന്നുള്ളതാണ്. ഇന്നിവിടെയുള്ളത്.

The Travancore Animal Disease Act, 1904; The Travancore Plantation and Park Act, 1091 (it goes in Travancore Area; The Cochin Cattle Disease Prevention Act, 1093 (it goes in Cochin Area); The Madras Cattle Disease Act, 1866 and the Madras Reinterfest Act, 1940 in Madras Area.

LIBRARY ARCHIVES Kerala Legislative Assembly

കേരളമായിട്ട് ഇത്രയും വർഷങ്ങളായെങ്കിലും നമുക്ക് ഇന്നേവരെ ഇതിനെപ്പറ്റി ഒരു ഏകീകൃത നിയമം ഉണ്ടാക്കാൻ സാധിച്ചിട്ടില്ല. ഒരു ഏകീകൃതനിയമവും ആധുനികമായൊരു നിയമവും നമുക്കുണ്ടാക്കാൻ സാധിച്ചിട്ടില്ല. ഇതിനെയെല്ലാം പരിശോധിച്ചുകൊണ്ട് അതിനാവശ്യമായ സമഗ്രമായ ഒരു നിയമം ഉണ്ടാക്കണമെന്നു കൂടി ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ നിയമസഭയുടെ 14-ാമത്തെ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ 1982-84-ലെ ആദ്യത്തെ റിപ്പോർട്ടിൽ ഈ കാര്യത്തെക്കുറിച്ച് വളരെ വിശദമായി പരാമർശിച്ചിട്ടുണ്ട്. ആ പരാമർശം അന്ന് ശുപാർശ രൂപത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതാണ്. പക്ഷേ ഇതേവരെ ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത് നമ്മുടെ മൃഗസമ്പത്തിനെ വളരെ ഗൗരവമായി കണക്കിലെടുക്കണമെന്നാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം 128-ഓളം പോളീ ക്ലിനിക്കുകൾ ആരംഭിച്ചുവെന്നുള്ളതും മൃഗാശുപത്രികൾ ഉണ്ടാക്കിയെന്നുള്ളതും അഭിമാനാർഹമാണ്. നമ്മുടെ മൃഗങ്ങളുടെ ആരോഗ്യം വളരെ വർദ്ധിച്ചിട്ടുണ്ട്. അത് സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ നാം സ്വീകരിച്ചിട്ടുണ്ടെങ്കിൽപോലും അതിനാവശ്യമായ നിയമപരമായ പിന്തുണയുണ്ടാകത്തക്ക രീതിയിൽ, ഇന്ന് ഞാനിവിടെ പറഞ്ഞതുപോലെ എല്ലാ നിയമങ്ങളേയും ക്രോഡീകരിച്ചുകൊണ്ട് ആവശ്യമായ ഒരു ഏകീകൃത നിയമം ഉണ്ടാക്കുന്നതിനുവേണ്ടി ഒരു നിയമനിർമ്മാണം നടത്തി ആ നിയമനിർമ്മാണം കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ നിയമം പാസ്സാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുകയാണ്. കഴിഞ്ഞ നിയമസഭയിലും ഇങ്ങനെയൊരു റെസല്യൂഷൻ വന്നിരുന്നു. അന്നത് പാസാക്കാൻ കഴിഞ്ഞില്ല. കഴിഞ്ഞ കുറെ വർഷങ്ങളായി നമ്മുടെ നിയമസഭയുടെ മുമ്പിൽ പാസ്സാകാതെ കിടന്ന ഒരു സ്റ്റാറ്റ്യൂട്ടറി റെസല്യൂഷനാണ് ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇത് ഭ്രൂനോമോക്ഷംപോലെയാണ്. അവസാനം ഇതിനൊരു മോക്ഷം കിട്ടി. അഹല്യാമോക്ഷമെന്നോ, ഭ്രൂനോമോക്ഷമെന്നോ പറയാം. ഏതായാലും ഈ പ്രമേയം വൈകിയ വേളയിലെങ്കിലും ഈ സഭയുടെ മുമ്പാകെ പരിഗണനയ്ക്ക് വരികയും നമുക്ക് ഇന്നുതന്നെ ഇത് പാസ്സാക്കാൻ കഴിയുമെന്ന് വന്നതും അങ്ങേയറ്റം ഞാൻ സ്വാഗതം ചെയ്യുകയാണ്. ഒരു കാര്യം ഈ അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടേയും ഗവൺമെന്റിന്റേയും ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഇക്കാര്യത്തിൽ ഒരു പിശുക്ക് പാടില്ല. എന്ന് വച്ചാൽ ഒരു മൈസർലി ആറ്റിറ്റ്യൂഡ് ഇക്കാര്യത്തിൽ ഉണ്ടാകരുത്. ഈ നിയമം നടപ്പിൽ വരുന്നത് 18-8-1984-ൽ ആണ്. ഇന്ത്യൻ പാർലമെന്റ് പാസ്സാക്കി പ്രസിഡന്റിന്റെ അംഗീകാരം കിട്ടി നിയമം നടപ്പിലായത് 18-8-1984-ൽ ആണ്. അതുകൊണ്ട് ഈ നിയമത്തിന് പൂർവ്വകാല പ്രാബല്യം കൊടുക്കണം. നമ്മൾ പാസ്സാക്കിയാൽ കിട്ടും. ഇതിന് പൂർവ്വകാലപ്രാബല്യം കൊടുക്കണം എന്ന് പറയാൻ കാരണം ഇന്ത്യൻ മെഡിക്കൽ കൗൺസിൽസ് ആക്ട് ഉള്ളതുപോലെ ഇന്ത്യൻ വെറ്ററിനറി കൗൺസിൽസ് ആക്ട് ഉണ്ട്. ആ ആക്ട് നാം ബാധകമാക്കുകയാണ്. അതിന്റെ one of the provisions- ആണ് ഇവിടെയൊരു കമ്മിറ്റി രൂപീകരണം.

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമപ്രകാരം വരാവുന്ന ഗുണങ്ങളിലൊന്ന് ഈ നിയമം നടപ്പിൽ വന്നാൽ നമ്മുടെ യൂണിവേഴ്സിറ്റി കൊടുത്തിട്ടുള്ള ഡിഗ്രികൾക്ക് റെക്കഗ്നിഷൻ കിട്ടുമെന്നുള്ളതാണ്. ഇന്ന് കിട്ടുന്നില്ല. ഇന്ന് ഈ ഇന്ത്യൻ കൗൺസിൽസ് ആക്ട് അനുസരിച്ചുള്ള റെക്കഗ്നിഷൻ പല വിധത്തിലും കിട്ടുന്നില്ല. രണ്ടാമത് നമ്മുടെ വെറ്ററിനറി ഡോക്ടേഴ്സ് കൊടുക്കുന്ന സർട്ടിഫിക്കേറ്റ് വാലിഡ് അല്ല. അതിന് വാലിഡിറ്റി ഇല്ല. ഇന്ത്യൻ കൗൺസിൽസ് ആക്ട് നിലവിൽ വന്നാൽ മാത്രമേ ഇതിനെല്ലാം വാലിഡിറ്റി കിട്ടുകയുള്ളു. അതുപോലെതന്നെ ഈ നിയമം നടപ്പിൽ വന്നാൽ ഈ പ്രൊഫഷനെ സംബന്ധിച്ചിടത്തോളം തന്നെ ഒരു code of conduct, professional ethic എന്ന് പറയും, അതുണ്ടാകും. ഞാനീപറഞ്ഞത് ഡോക്ടർമാർക്ക് പദവിയുണ്ടാകണമെന്നുള്ളത് ഒരു ആവശ്യംതന്നെയാണെങ്കിലും അതിനുപരി എന്താണെന്ന് ചോദിച്ചാൽ നമ്മുടെ നാട്ടിലെ മിണ്ടാപ്രാണികളുടെ ജീവിതത്തിന് ഒരു സുരക്ഷിതത്വം ഉണ്ടാകുന്നുവെന്നുള്ളതാണ്. ഗവൺമെന്റ് മേൽവിലാസത്തിലുള്ള നമ്മുടെ നാട്ടിലെ ഡോക്ടർമാരുടെ കാര്യം നമുക്കറിയാം. മെഡിക്കൽ കോളേജിൽ ഒരു സ്ത്രീ മെഡിക്കൽ സ്റ്റുഡന്റാണെന്നും പറഞ്ഞ് വേഷമിട്ട് നടന്ന കാര്യം നമുക്കറിയാം. അങ്ങനെ വ്യാജ ഡോക്ടർമാർ തന്നെ ജനങ്ങളെ ചികിത്സിക്കുന്ന ഒരു സമ്പ്രദായം ഇന്ന് നിലവിലിരിക്കുകയാണ്. കള്ള സർട്ടിഫിക്കറ്റുമായി നടന്ന് ഡോക്ടർ ആണെന്ന് ഭാവിച്ച് നാട്ടിൻപുറങ്ങളിൽ പാവപ്പെട്ട ആളുകളെ ചികിത്സിക്കുന്ന ദുർവിധി ഇന്നും നിലവിലുണ്ട്. അപ്പോൾ ഈ മിണ്ടാപ്രാണികളുടെ കാര്യം പറായാനുണ്ടോ? നമ്മുടെ നാട്ടിലെ ഈ മിണ്ടാപ്രാണികളെ ഈ മൃഗവൈദ്യൻമാർ ചികിത്സിക്കുന്നതിന്റെ അനുഭവം എത്രയാണ്. നമ്മുടെ നാട്ടിൽ നാട്ടുവൈദ്യൻമാർ ഉണ്ട്. നാട്ടുവൈദ്യന്മാർ മുമ്പ് മനുഷ്യരേയും ചികിത്സിക്കുന്നുണ്ടായിരുന്നു. ഇപ്പോൾ അത് കുറഞ്ഞിട്ടുണ്ട്. എന്നാൽ ഈ മൃഗങ്ങളെ ചികിത്സിക്കുന്ന കാര്യത്തിൽ നാട്ടു വൈദ്യൻമാർ ഇപ്പോഴുമുണ്ട്. ഈ ചികിത്സാരംഗത്ത് വെറ്ററിനറി സയൻസിനെ സംബന്ധിച്ചോ വെറ്ററിനറി ചികിത്സയെ സംബന്ധിച്ചോ യാതൊരു വിവരവുമില്ലാത്ത ആളുകളാണിവർ. മിണ്ടാപ്രാണികളെ കൊല്ലുന്ന എത്രയോ നിഷ്ഠൂരമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. വാസ്തവത്തിൽ crulties to animals എന്ന സിദ്ധാന്തത്തിനുകൂടി ബാധകമാണ് ഈ നിയമം. ഈ ക്രൂവൽറ്റി ഒഴിവാക്കാൻ കഴിയും. അതുകൊണ്ട് ഈ മിണ്ടാപ്രാണികളെ ചികിത്സിക്കുന്നത് പരീക്ഷായോഗ്യതയുള്ള വൈദഗ്ദ്ധ്യം നേടിയവർ ആയിരിക്കണം എന്നുള്ളത് ഒരു ഉറപ്പായിരിക്കണം. ഞാൻ സംസാരിക്കുന്നത് ഡെപ്യൂട്ടി സ്പീക്കർക്ക് നേരത്തെയുണ്ടായിരുന്ന വികാരം ഉൾക്കൊണ്ടുകൊണ്ടാണ്. അതുപോലെ ഫോർട്ട് കൊച്ചിൻ ആശുപത്രിയിലെ അവസ്ഥ മനസ്സിലാക്കിക്കൊണ്ടാണ് ഞാൻ സംസാരിക്കുന്നത്.

<u>ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്</u>: സർ, മിണ്ടാപ്രാണികൾ മൃഗങ്ങൾ മാത്രമല്ല മനുഷ്യരിലും ഒരു വിഭാഗം മിണ്ടാപ്രാണികൾ ആണെന്നുള്ള വിവരം അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, മനുഷ്യരിലും ഒരു വിഭാഗം മിണ്ടാപ്രാണികൾ ആണ് എന്ന കാര്യം ഞാൻ സമ്മതിക്കുന്നു. മാവേലിക്കരയിൽ മിണ്ടാപ്രാണികൾ ഉണ്ട് എന്നുള്ളതിനു തെളിവ് കുറുപ്പുചേട്ടൻതന്നെ.

സർ, ഞാൻ പറഞ്ഞുവന്നത് ഈ മിണ്ടാപ്രാണികളെ സംരക്ഷിക്കുന്നതിന് ഒരു നിയമം വേണം. ആ നിയമമാണിത്. പക്ഷേ ഇത് ദുർവിനിയോഗം ചെയ്യാൻ ഇടയുണ്ട്. ഇന്ത്യൻ മെഡിക്കൽ കൗൺസിൽസ് രൂപീകരിച്ചതിനുശേഷം പല പ്രയാസങ്ങളും ഉണ്ടായിട്ടുണ്ട്. അതുപോലെ സാങ്കേതികത്വത്തിൽ തൂങ്ങിനിന്ന്, ഇങ്ങനെയൊരു കൗൺസിൽ വന്നതിനുശേഷം, നമ്മുടെ നാട്ടിലെ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന രീതിയിലുള്ള ഒരു സമ്പ്രദായമായി തീരരുതെന്നുള്ള ഒരു സംഗതിയും കൂടി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇത് പാസ്സാകുന്നതോടൊപ്പം സംസ്ഥാന നിലവാരത്തിൽ ഒരു സമിതി വരും. അതുമായി ബന്ധപ്പെട്ട് ഒരു സമിതി ഇന്ത്യയിൽ ഇപ്പോൾതന്നെയുണ്ട്. ഇതൊക്കെ വരുന്നതുകൊണ്ട് ഈ മൃഗചികിത്സാരംഗത്ത് കൂടുതൽ ഉറപ്പും കൂടുതൽ കാര്യശേഷിയും ഉണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാനീപ്രമേയത്തെ പിന്താങ്ങുന്നത്. പക്ഷേ ഇത് സാങ്കേതികത്വത്തിന്റെ പേരിൽ ദുർവ്യാഖ്യാനം ചെയ്യപ്പെട്ട് അവസാനം ഫോർട്ട് കൊച്ചി ആശുപത്രിയിലെ അനുഭവം നമ്മുടെ നാട്ടുമ്പുറങ്ങളിലെ മൃഗങ്ങൾക്ക് ഉണ്ടാകരുത് എന്നാണ് അങ്ങയുടെ ഓർമ്മയ്ക്കുവേണ്ടി ഞാൻ പറയുന്നത്. സർ, നമ്മുടെ ഭരണഘടനയിൽ അനുച്ഛേദം 48 അനുസരിച്ച് ഇന്ത്യയ്ക്കൊട്ടാകെ മൃഗങ്ങളെ സംബന്ധിച്ചിടത്തോളം ഒരു നിയമം ആവശ്യമാണെന്ന് എഴുതിവച്ചിട്ടുണ്ട്. ഇത് ഡയറക്ടീവ് പ്രിൻസിപ്പിൾസ് ഓഫ് സ്റ്റേറ്റ് പോളിസിയിൽ പെട്ടതാണ്. അനുച്ഛേദം 44-ൽ യൂണിഫോം സിവിൾകോഡ് വേണമെന്ന് പറഞ്ഞപ്പോൾ വലിയ ബഹളമുണ്ടായതാണ്. ഇത് അനുച്ഛേദം 48-ലാണ് പറഞ്ഞിരിക്കുന്നതെങ്കിൽ ഒരു യൂണിഫോം സിവിൾകോഡ് വേണമെന്ന് പറഞ്ഞിരിക്കുന്നത് അനുച്ഛേദം 44-ലാണ്. അനുച്ഛേദം 44-ൽ പറയുന്നത് ഒരു യൂണിഫോം സിവിൾകോഡ് വേണമെന്നു പറയുന്നതിലും മതപരമായ വികാരങ്ങളില്ലായെന്ന് ഞാൻ പറയുന്നില്ല. മുൻകാലങ്ങളെ സംബന്ധിച്ചിടത്തോളം മൃഗസംരക്ഷണക്കാർ അതിനെ കൊല്ലാൻ പാടില്ലായെന്ന് വാദിക്കുന്നു. ഡയറക്ടീവ് പ്രിൻസിപ്പിൾസ് ഓഫ് സ്റ്റേറ്റ് പോളിസി അനുസരിച്ചുള്ള പൊതു നിയമങ്ങൾ വരുമ്പോൾ സ്വാഭാവികമായും പ്രതിഷേധങ്ങളുണ്ടാകാം. ഈ നിയമത്തിൽ അങ്ങനെയൊരു പ്രതിഷേധമുണ്ടാകാതെയിരുന്നത് നല്ലകാലം. കാരണം മിണ്ടാപ്രാണികളെ സംബന്ധിച്ചിടത്തോളം പ്രതിഷേധമില്ല. അതുകൊണ്ട് ഈ രംഗത്ത് ഉള്ള ചികിത്സാസമ്പ്രദായം പരിഷ്കരിക്കുന്നതിന് ഒരു ക്രമീകരണം നടത്തുന്നതിനും വേണ്ടി കൊണ്ടുവന്നിട്ടുള്ള ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. ഇതിന് പൂർവ്വകാലപ്രാബല്യം കൊടുക്കുന്ന കാര്യംകൂടി ഗവൺമെന്റ് പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്ജ്: സർ, ഞാനീ പ്രമേയത്തെ അനുകൂലിക്കുകയാണ്. എല്ലാ കാര്യത്തിലും സ്ഥാനത്തും അസ്ഥാനത്തുപോലും എതിർക്കുന്നതിന് മടികാണിക്കാത്ത ശ്രീ. വർക്കല രാധാകൃഷ്ണൻപോലും ഈ പ്രമേയത്തെ അനുകൂലിച്ച സ്ഥിതിക്ക് ഇതിന് ഒരു ചർച്ചപോലും ആവശ്യമില്ലാതെ പാസ്സാക്കാമെന്നുള്ള കാഴ്ചപ്പാടാണെനിക്കുള്ളത്. ഇന്ന് എം. ബി. ബി. എസ്സ്. പാസ്സായി വരുന്ന ഡോക്ടർമാർക്ക് ഡിഗ്രി കൊടുക്കാൻ മെഡിക്കൽ കൗൺസിലുകൾ ഉണ്ട്. ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞതുപോലെ മിണ്ടാപ്രാണിയായ ഈ മൃഗങ്ങളെ ചികിത്സിക്കുന്നതിനുവേണ്ടി ഡിഗ്രികൾ സമ്പാദിച്ചുവരുന്ന ഡോക്ടർമാർക്ക് അംഗീകാരം കൊടുക്കാൻ ഒരു വെറ്ററിനറി കൗൺസിലില്ലാതെ ബുദ്ധിമുട്ടുകയായിരുന്നു. അവർ മറ്റ് യൂണിവേഴ്സിറ്റികളിലും സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും ചെന്നാൽ അംഗീകരിക്കാതെ ബുദ്ധിമുട്ടുകയായിരുന്നു. ഈ വസ്തുത കണക്കിലെടുത്തുകൊണ്ട് ഈ വൈകിയ വേളയിലെങ്കിലും, എത്രയോ വർഷങ്ങൾക്ക് മുമ്പുണ്ടാകേണ്ട നിയമമായിരുന്നു ഇത്. ഇതിവിടെ കൊണ്ടുവരാൻ തയ്യാറായ ബഹുമാനപ്പെട്ട നൂറുദ്ദീനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ആ കാര്യത്തിൽ അദ്ദേഹം ഒരു നല്ലകാര്യം ചെയ്തിരിക്കുന്നുവെന്നുള്ള കാഴ്ചപ്പാട് ഞാൻ രേഖപ്പെടുത്തുന്നു. ഈ പ്രമേയം വരുന്നതിനു മുമ്പ് ഈ സംസ്ഥാനത്തെ സ്ഥിതി എന്തായിരുന്നു? വെറ്ററിനറി കോളേജുകളിൽനിന്ന് ബിരുദമെടുത്തുവരുന്ന ചെറുപ്പക്കാർക്ക്, എം. ബി. ബി. എസ്. പാസ്സായിവരുന്ന ഡോക്ടർമാരെപ്പോലെ അംഗീകാരമില്ലാതെ അവഗണിക്കപ്പെടുകയായിരുന്നു. ഗ്രാമപ്രദേശങ്ങളിൽ മൃഗങ്ങളുടെ ചികിത്സക്കായി ചെല്ലുകയാണെങ്കിൽ ഡോക്ടർമാരൊടൊപ്പം രണ്ടോമൂന്നോ ദിവസം സഹായത്തിനുവേണ്ടി നിന്നിരുന്ന ആളുകൾ മൃഗങ്ങളെ ചികിത്സിക്കുന്ന സാഹചര്യമാണ് കണ്ടുവരുന്നത്. വ്യാജഡോക്ടർമാർ അധികവും ഈ മേഖലയിൽ വരുന്നുവെന്നുള്ള വസ്തുത നിഷേധിച്ചിട്ടു കാര്യമില്ല. ഇതിനൊക്കെ അറുതിവരുത്താൻ ഈ പ്രമേയം ഉപകരിക്കുമെന്ന് വളരെ സന്തോഷത്തോടുകൂടി ഞാൻ ഓർമ്മിക്കുകയാണ്. അതുപോലെ ഇന്ന് അനധികൃതമായി നടത്തുന്ന ചികിത്സമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരമുണ്ടാക്കാൻ ഈ പ്രമേയത്തിൽകൂടി കഴിയും. അതുപോലെ വിദേശസർവ്വകലാശാലയിൽ നമ്മുടെ ബിരുദം അംഗീകരിക്കാനുള്ള സാഹചര്യം ഈ പ്രമേയത്തോടുകൂടി ഉണ്ടാവുകയാണ്. വിദേശരാജ്യങ്ങളിൽ നമ്മുടെ സംസ്ഥാനത്തെ വെറ്ററിനറി ഡോക്ടർമാർ നൽകുന്ന സർട്ടിഫിക്കറ്റുകൾ അംഗീകരിക്കുന്നില്ലായിരുന്നു, വില കൽപ്പിക്കുന്നില്ലായിരുന്നു. ഈ പ്രമേയത്തോടുകൂടി അതുമുണ്ടാകും. വെറ്ററിനറി പ്രോഫഷന് ഒരു പെരുമാറ്റച്ചട്ടവും ഇതോടുകൂടിയുണ്ടാക്കാൻ കഴിയുമെന്ന പ്രതീക്ഷയാണ് നമുക്കുള്ളത്. ഇന്ന് മറ്റു മേഖലകളിലെ ഡിപ്പാർട്ടുമെന്റുകളുമായി താരതമ്യപ്പെടുത്തിയാൽ എല്ലാ ജില്ലകളിലും ഡെപ്യൂട്ടി ഡയറക്ടർമാരുടെ തസ്തികയാണ് ഈ വെറ്ററിനറി ഡിപ്പാർട്ടുമെന്റിലുള്ളത്. എന്നാൽ മറ്റു ഡിപ്പാർട്ടുമെന്റുകളിലെല്ലാം ജോയിന്റ് ഡയറക്ടർമാരുടെ തസ്തികകൾ ഉണ്ട്. വെറ്ററിനറി ഡോക്ടർമാരെയും ആ ഡിപ്പാർട്ടുമെന്റിനെയും അംഗീകരിക്കുന്നില്ല,

അവർക്ക് അർഹമായ പ്രാതിനിധ്യം കൊടുക്കുന്നില്ലായെന്നുള്ളതിന് ഇത് തെളിവായി ഞാൻ കാണുകയാണ്. ഡയറക്ടർമാരെ തന്നെ ജില്ലാ ആസ്ഥാനങ്ങളിൽ നിയമിക്കുന്നതിനുള്ള നടപടിയെടുക്കണം. ഗ്രാന്റ് കിട്ടിയില്ലെങ്കിലും പണമായിട്ട് പിടിച്ചുവാങ്ങിയാലും വിരോധമില്ല. എങ്ങനെയെങ്കിലും ആ കാര്യം കൂടി പരിഗണിക്കണമെന്ന കാഴ്ചപ്പാട് ഞാൻ രേഖപ്പെടുത്തുകയാണ്. ഈ പ്രമേയം പാസ്സാക്കുന്നതിന് മുൻകാല പ്രാബല്യം വേണമെന്ന് ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞു. അദ്ദേഹത്തിന് ഇതിൽ എതിർക്കാനൊന്നുമില്ലാത്തതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്. ഈ പ്രമേയം പാസ്സാക്കുന്ന ഈ നിമിഷം മുതലേ ഇതിന് നിയമപ്രാബല്യം ലഭിക്കുന്നുള്ളു. മുൻകാല പ്രാബല്യം കൊടുക്കണമെന്ന് ഈ ഗവൺമെന്റിനും ബഹുമാനപ്പെട്ട മന്ത്രിക്കും ആഗ്രഹമുണ്ടെങ്കിൽപോലും നിയമത്തിനധിഷ്ഠിതമായി സാദ്ധ്യമല്ലായെന്നുള്ളതാണ് വസ്തുത. ഈ പ്രമേയം പാസ്സാക്കുന്ന നിമിഷം മുതലെങ്കിലും ഇതിന് അംഗീകാരം ലഭിക്കണമെന്ന വസ്തുത കണക്കിലെടുത്തുകൊണ്ട് ഈ പ്രമേയം വൈകിയ വേളയിലെങ്കിലും കൊണ്ടുവരാൻ തന്റേടം കാണിച്ച ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിനേയും ബഹുമാനപ്പെട്ട നൂറുദ്ദീനേയും അഭിനന്ദിച്ചുകൊണ്ട് ഞാനീ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: സർ, ഈ പ്രമേയത്തെ അനുകൂലിക്കാൻ എനിക്ക് സന്തോഷമുണ്ട്. ഈ രംഗത്ത് കേരളത്തിൽ നിലവിലിരുന്ന വലിയൊരു പൊരുത്തക്കേട് ഇതുകൊണ്ട് തീർക്കാൻ പര്യാപ്തമാണ്. 1970 മുതൽ 1980 വരെയുള്ള ഒരു ദശകത്തിൽ വലിയ പുരോഗതിയുണ്ടാക്കിയ അപൂർവ്വം ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിൽ ഒന്നാണ് അനിമൽ ഹസ്ബന്ററി. ഈ ഡിപ്പാർട്ടുമെന്റിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. പക്ഷേ അതിന് വേണ്ട അംഗീകാരം കൊടുക്കാൻ ആരും മെനക്കെട്ടിട്ടില്ല. അമ്പതുശതമാനം കാറ്റിലിന്റെ സ്റ്റോക്ക് നവീകരിച്ച് പുനഃജീവനം നടത്തി ജെഴ്സി, സ്വിസ്ബ്രൗൺ, ഹോൾകീൻ എന്നീ ക്രോസ്ബ്രീഡ് വളരെയധികം ഉണ്ടായതിന്റെ ഫലമായി വളരെയധികം പുരോഗതി ഈ രംഗത്ത് ഉണ്ടായിട്ടുണ്ട്. പുരോഗതിക്കൊത്ത വിധത്തിൽ ശാസ്ത്രീയമായ നിലവാരം ഉയർത്തൽ, സംഘടനാപരമായ നേട്ടം ആവശ്യമുള്ള സ്ഥലങ്ങളിൽ ഒക്കെ വെറ്ററിനറി ആശുപത്രികളും ഡിസ്പെൻസറികളും ഏർപ്പെടുത്തൽ, എച്ച്. പി. സി. എ. യുടെ പ്രവർത്തനം ഇക്കാര്യത്തിലൊക്കെ വലിയൊരു ലാഗ് വന്നിട്ടുണ്ട്. ഈ ലാഗ് തീർക്കുന്നതിന് പര്യാപ്തമായ ഒന്നാണിതെന്നുള്ളതുകൊണ്ടാണ് ഞാനീ പ്രമേയത്തെ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുന്നത്. ഇത് വളരെ നേരത്തെ വേണ്ടതായിരുന്നു. ചുരുങ്ങിയത് അഞ്ച്കൊല്ലം മുമ്പെങ്കിലും വേണ്ടതായിരുന്നു. അത് നമുക്ക് സാധിച്ചില്ല. 1984-ലെ ഈ ആക്ട് ഒരു കൊല്ലത്തെ താമസമേ വന്നിട്ടുള്ളൂ. ഒരു കൊല്ലത്തെ താമസം ഉണ്ടായിയെങ്കിലും ഇത് നടപ്പിലാക്കുന്നത് വളരെ നല്ലകാര്യമാണ്. ഒന്നുരണ്ട് കാര്യങ്ങൾകൂടി ഞാൻ പറയാം. ഈ സഭയുടെ രണ്ട് ഭാഗത്തുള്ള ആളുകളും അനുകൂലിക്കുന്ന ഒരു നിയമനിർമ്മാണമാണിത്. ശ്രീ. രാധാകൃഷ്ണൻ പറഞ്ഞതിൽനിന്ന് ഞാനൊരു ഭേദഗതികൂടി ചേർക്കുകയാണ്. നാട്ടുവൈദ്യന്മാർ വളരെ മോശമാണെന്നുള്ള തരത്തിലാണ് അദ്ദേഹമിവിടെ സംസാരിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ചികിൽസാരംഗത്ത് നാട്ടുവൈദ്യന്മാർക്ക് ഇപ്പോഴും വലിയ പങ്കുണ്ട്. ആ പങ്ക് നിർവഹിക്കാൻ അവരെ അനുവദിക്കുക മാത്രമല്ല, അതിന് വേണ്ട സൗകര്യങ്ങൾ കൂടി നിയമനിർമ്മാണംകൊണ്ട് ഉണ്ടാകണം. കേരളത്തിലെ റൂൾമേക്കിംഗ് പവ്വേഴ്സി ഉപയോഗിച്ച് ഇത് നടപ്പിലാക്കുമ്പോൾ ആയുർവ്വേദത്തിൽ നല്ലൊരു ഭാഗം മൃഗചികിൽസയാണ്. ആന, കുതിര, പശു എന്നീ മൃഗങ്ങൾക്ക് വേറെവേറെ ചികിത്സാരീതിയാണുള്ളത്. പിന്നെ നമ്മൾ അത് നടപ്പിലാക്കാത്തതെന്താണെന്നുവച്ചാൽ പശുവിനെ ആരാധിച്ചുകഴിഞ്ഞാൽ ജോലി തീർന്നു എന്നുള്ള മട്ടിലാണ് സമൂഹത്തിന്റെ പോക്ക്. ഗോമാതാവിനെ ആരാധിച്ചുകഴിഞ്ഞാൽ പിന്നെ അതിന് പുല്ലും, വയ്ക്കോലും, വെള്ളവുമൊന്നും കൊടുക്കേണ്ട, അതിനെ എന്തുവേണമെങ്കിലും ചെയ്യാം. അതാണല്ലോ നമ്മുടെ സത്യസന്ധത. അതാണിവിടെ നടക്കുന്നതും. അല്ലാതെ ശാസ്ത്രമില്ലാഞ്ഞിട്ടല്ല. ആയുർവ്വേദത്തിൽ വളരെ നല്ല ചികിത്സാപദ്ധതികളുണ്ട്. ആ പദ്ധതികൾക്കുകൂടി അലോപ്പതി പദ്ധതിപ്രകാരം കൊടുക്കുന്നതുപോലെതന്നെ ആ പദ്ധതിക്കും കൗൺസിൽ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുമ്പോൾ പ്രാതിനിധ്യം കൊടുക്കത്തക്കവണ്ണം വേണ്ട ഏർപ്പാടുകൾ ഗവൺമെന്റ് ഉണ്ടാക്കണമെന്ന് മന്ത്രിയോട് സജസ്റ്റ് ചെയ്യുകയാണ്. ഇതുവരെ അനിമൽ ഹസ്ബന്ററിയിൽ നടിയ പുരോഗതി ഇനിയും മുന്നോട്ടുകൊണ്ടുപോകത്തക്കവണ്ണം കുറെ കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. അതിനുംകൂടി അലോട്ട് ചെയ്യത്തക്കവണ്ണം, ഉദാഹരണമായി കേരളത്തിൽ എരുമ, പെമ്മരിയാട് എന്നിവ വളരെ കുറവാണ്. അങ്ങനെയുള്ള പല കാര്യങ്ങളുണ്ട്. ഇവയ്ക്കൊക്കെ പുരോഗതിയുണ്ടാകത്തക്കവണ്ണം കൗൺസിൽ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുമ്പോൾ, സ്ട്രക്ച്ചർ പുതിയതായി ഓർഗനൈസ് ചെയ്യുമ്പോൾ, ഈ ആക്ട് നടപ്പിലാക്കുമ്പോൾ വേണ്ട നടപടികൾ സ്വീകരിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാനി പ്രമേയത്തെ സർവാത്മനാ പിൻതാങ്ങുകയാണ്.

ശ്രീ. ടി. പി. പീതാംബരൻമാസ്റ്റർ: സർ, മൃഗസംരക്ഷണ രംഗത്ത് ക്രമീകരണങ്ങളും നേതൃത്വവും നൽകുന്നതിന് ഉതകുന്ന ഇന്ത്യൻ വെറ്ററിനറി ആക്ട് നടപ്പിലാക്കണമെന്ന്, എനിക്കുകൂടി ബാധ്യതയുള്ള ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുകയാണ്. ഈ രംഗത്ത് വളരെയധികം ആവശ്യമായ ഒരു നിയമം, നേരത്തെ സൂചിപ്പിച്ചതുപോലെ പാസ്സാക്കാൻതന്നെ വളരെ വൈകിയെന്നുള്ളതാണ് വസ്തുത. മൃഗസംരക്ഷണരംഗത്ത് ഇന്നുള്ള ചികിത്സാസൗകര്യങ്ങൾ വളരെ അപര്യാപ്തമാണ്. വേണ്ടിടത്തോളം ആസ്പത്രികൾ ഇല്ലാത്തതുകൊണ്ട് മാത്രമല്ല, ഉള്ള ആശുപത്രികളിൽത്തന്നെ ഡോക്ടർമാരില്ലാത്ത സ്ഥിതിയാണുള്ളത്. അങ്ങനെ ഡോക്ടർമാരില്ലാതെ വരുമ്പോൾ പാരാമെഡിക്കൽസ്റ്റാഫിൽപ്പെട്ട കീഴ്ജീവനക്കാർ ഡോക്ടർമാർക്ക് വേണ്ടി പലപ്പോഴും ചികിത്സ നടത്തുന്ന ഒരു സ്ഥിതിവിശേഷം ആണ് ഇവിടെ ഉള്ളത്. അതിന്റെ ഫലമായിട്ട് മൃഗചികിത്സാ കേന്ദ്രങ്ങൾകൊണ്ടുദ്ദേശിക്കുന്ന ഫലം നമുക്ക് പലപ്പോഴും ലഭിക്കുന്നില്ല. പലപ്പോഴും അതിന്റെ ഫലമായിട്ട് അപകടങ്ങളും ഉണ്ടായിട്ടുണ്ട്.

ഇവിടെ ശ്രീ. വർക്കല രാധാകൃഷ്ണൻ നാട്ടുചികിത്സയെ സംബന്ധിച്ച് പറഞ്ഞു. വിവരമില്ലാത്ത ആളുകളാണ് ചികിത്സിക്കുന്നതെന്നു പറഞ്ഞു. അനുഭവം വച്ച് പറയുകയാണെങ്കിൽ നാട്ടു വൈദ്യന്മാർ, നമ്മുടെ മൃഗ സംരക്ഷണ വകുപ്പിലെ ഡോക്ടർമാർ

LIBRARY ARCHIVES Kerala Legislative Assembly

ചികിത്സിച്ച് ഭേദപ്പെടുത്താൻ കഴിയാതിരുന്ന രോഗം വളരെ സമർത്ഥമായി ചികിത്സിച്ച് ഭേദപ്പെടുത്തിയ അനുഭവം എനക്കുണ്ടായിട്ടുണ്ട്. അവർ കൈയൊഴിഞ്ഞ ശേഷം നാട്ടു വൈദ്യന്മാർ ചികിത്സിച്ചു. അതുകൊണ്ട് അവരുടെ കാര്യത്തിൽ ഒരു നിരോധനം വരുന്നത് ബുദ്ധിയല്ല. അവരും കാര്യങ്ങൾ മനസ്സിലാക്കി പ്രയോഗിക്കാൻ ശ്രമിക്കുന്നു. വിജ്ഞാനമുള്ളവരെ പ്രയോഗിക്കാൻ അനുവദിക്കുന്നില്ല. ഇതിനകത്ത് ഒരു സ്റ്റേറ്റ് വെറ്ററിനറി കൗൺസിലും ജോയിന്റ് വെറ്ററിനറി കൗൺസിലുമുണ്ടാക്കാൻ പ്രൊവിഷനുണ്ട്. നമ്മുടെ മന്ത്രി സംസാരിക്കുമ്പോൾ സ്റ്റേറ്റ് കൗൺസിലാണോ ഉണ്ടാക്കാൻ പോകുന്നത്., സംയുക്ത കൗൺസിലാണോ ഉണ്ടാക്കാൻ പോകുന്നത് എന്ന കാര്യം വ്യക്തമാക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്. വൃക്ഷങ്ങളോടുള്ള നമ്മുടെ അലിവും അത് സംരക്ഷിക്കാനുള്ള ഒരു വലിയ മത്സരവും നടക്കുന്ന ഒരു കാലഘട്ടമാണിത്. മൃഗസംരക്ഷണത്തിനൊത്ത് ഇത്തരം ഒരു ചികിത്സാ സമ്പ്രദായത്തെക്കാൾ കൂടുതലായി മൃഗങ്ങളോടുള്ള ക്രൂരതയുടെ ഒരു ഭാഗംകൂടി ഇതിനകത്തുണ്ട്. നിശ്ചയമില്ലാത്ത ആളുകൾ ചികിത്സിക്കുന്നതിന്റെ ഫലമായി ഒരുപാട് മൃഗങ്ങൾ അകാല ചരമം പ്രാപിക്കുന്നുണ്ടെന്നതാണ് ഒന്ന്. രണ്ടാമത്, നമ്മൾ വഴിയിൽക്കൂടി സഞ്ചരിക്കുമ്പോൾ നൂറു കണക്കിന് മൃഗങ്ങളെ ഭയങ്കരമായി മർദ്ദിച്ച് കാലൊടിച്ച് റോഡിൽക്കൂടി കൊണ്ടുപോകുന്നത് കാണാറുണ്ട്. അതിൽ യാതൊരു നിയന്ത്രണവുമില്ല. കണ്ടാൽ പലപ്പോഴും സങ്കടം തോന്നും. ഇത് പരിഹരിക്കുന്നതിനുള്ള ഒരു നിയമനിയന്ത്രണം ഉണ്ടാക്കുന്നത് നല്ലതാണ്. നമ്മുടെ മൃഗസംരക്ഷണത്തിന് എസ്. പി. സി. എ. ഒരുപിടി പരാതികളും പരാമർശങ്ങളും നടത്തുന്നുണ്ട്. മൃഗസംരക്ഷണത്തിൽ മൃഗങ്ങളോടുള്ള ക്രൂരത പരിഹരിക്കുന്നതിനുള്ള സംവിധാനം കൂടി ബഹുമാനപ്പെട്ട ചുമതല വഹിക്കുന്ന മന്ത്രി നടപടികൾ സ്വീകരിച്ചാൽ കൊള്ളാമെന്നുകൂടി നിർദ്ദേശിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. കെ. പങ്കജാക്ഷൻ:</u> സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. ഇവിടെ ശ്രീ. കെ. വി. സുരേന്ദ്രനാഥ് നാട്ടു ചികിത്സാ വൈദ്യൻമാരെ അവഹേളിക്കരുതെന്നു പറഞ്ഞു. ഇത് വിവാദപരമായ ഒരു വിഷയമായി കൊണ്ടുപോകാൻ ബഹുമാനപ്പെട്ട മന്ത്രി മുതിരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കാരണം ഇതിന് മുമ്പ് ഒരു മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ല് പാസ്സാക്കുന്നതിന് നമ്മുടെ സഭ പലതവണ ശ്രമിച്ചിട്ടുണ്ട്. നാട്ടു ചികിത്സാ സമ്പ്രദായങ്ങളും അലോപ്പതി സമ്പ്രദായങ്ങളും തമ്മിലുള്ള ബന്ധംകൊണ്ട് അവർക്ക് ലൈസൻസിംഗ് നടത്തുന്നതിന് പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും നിറഞ്ഞ സാഹചര്യം നിലവിലുണ്ട്. ഈ ബില്ല് ഇപ്പോൾ തടവറയിലായിട്ടുണ്ട്. അതുകൊണ്ട് ആ അവസ്ഥ വരാത്ത വിധത്തിൽ നമ്മുടെ രാജ്യത്തെ സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് വെറ്ററിനറി കൗൺസിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സത്വരമായി സ്വീകരിക്കണം. അതിന്റെ സാമ്പത്തിക ബാദ്ധ്യതയെക്കുറിച്ചൊന്നും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പരാമർശിച്ചില്ല. നമുക്ക് ഇപ്പോൾത്തന്നെ ഡോക്ടർമാരില്ല. പല മൃഗാശുപത്രികളിലും സെന്ററുകളിലും ഡോക്ടർമാരില്ലാത്ത സാഹചര്യം കണക്കിലെടുത്ത് വെറ്ററിനറി കൗൺസിലുകൾ

LIBRARY ARCHIVES Kerala Legislative Assembly

കാലതാമസം കൂടാതെ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കാൻ മാത്രം ഈ അവസരം ഉപയോഗിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ഇവിടെ പരാമർശിച്ചപോലെ എത്രയോ നേരത്തെതന്നെ ഈ നിയമം ഉണ്ടാക്കേണ്ടതാണ്. നമ്മുടെ രാജ്യം വൈദഗ്ധ്യങ്ങളുടെ രാജ്യമാണെന്ന് നമുക്കെല്ലാമറിയാം. അതിലൊരു വൈദഗ്ധ്യമാണ് ഇപ്പോൾ കാണുന്നത്. ബ്രിട്ടീഷുകാരുള്ളപ്പോൾതന്നെ നമുക്ക് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ആക്ടുണ്ട്. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം 25 കൊല്ലം കഴിഞ്ഞാണ് മൃഗങ്ങളെ വളരെയധികം ബഹുമാനിക്കുന്ന ഈ രാജ്യത്ത് മൃഗഡോക്ടർമാരെ ഏകോപിപ്പിക്കുവാനുള്ള ഒരു നിയമം വന്നത്. ഈ നിയമം ഈ സംസ്ഥാനത്ത് വരേണ്ടതുണ്ട്. കുറെ സംസ്ഥാനങ്ങളിൽ ഇതു വന്നുകഴിഞ്ഞുയെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ നിയമം വന്നതിനുശേഷം മൂന്നോ നാലോ സംസ്ഥാനങ്ങളിലേക്കുകൂടി ബാധകമാക്കിയെന്നും പറഞ്ഞു. അത് എവിടെയൊക്കെയാണെന്ന് അറിഞ്ഞാൽ കൊള്ളാം. അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ പറയുമെന്ന് വിശ്വസിക്കുന്നു. എനിക്ക് പറയാനുള്ളത് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ മുഴുവൻ ഇത് ബാധകമാക്കിക്കഴിഞ്ഞിട്ടുണ്ടെങ്കിൽ മാത്രമേ ഈ നിയമത്തിന്റെ ഗുണം പ്രത്യേകമായിട്ട് കേരളത്തിൽ മുഴുവൻ അനുഭവിക്കുവാൻ സാധിക്കുകയുള്ളൂ. കേന്ദ്ര ഗവൺമെന്റ് സംസ്ഥാന മുഖ്യമന്ത്രിമാരോട് ഈ നിയമം ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ബാധകമാക്കണമെന്നുള്ള നിലപാട് എടുക്കണമെന്ന് പറഞ്ഞു. അങ്ങനെ ഒരു അടിസ്ഥാനത്തിൽ എല്ലാ നിയമസഭകളിലും പ്രമേയം പാസാക്കണമെന്നുണ്ടെങ്കിൽ മാത്രമേ ഈ നിയമംകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളതായ പരമാവധി പ്രയോജനം എല്ലാ ഭാഗത്തുനിന്നും കിട്ടാൻ സാധിക്കുകയുള്ളൂ. ഇതിന്റെ ഉള്ളടക്കത്തെപ്പറ്റി ഒരു വാക്കെങ്കിലും പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതിൽ സെൻട്രൽ ഗവൺമെന്റാണ് ഇന്ത്യൻ കൗൺസിലുണ്ടാക്കുന്നത്. ഇന്ത്യൻ കൗൺസിലുണ്ടാക്കുമ്പോൾ ഇതിന്റെ 3-ാം വകുപ്പ് പ്രകാരം കേന്ദ്ര ഗവൺമെന്റിന് നോമിനേറ്റ് ചെയ്യാനുള്ള അധികാരമുണ്ട്. ആരെയെല്ലാമാണ് നോമിനേറ്റ് ചെയ്യേണ്ടതെന്ന് പ്രത്യേകം പ്രത്യേകം പറയുന്നുണ്ട്. പക്ഷെ സംസ്ഥാന കൗൺസിലിന്റെ കാര്യത്തിൽ സംസ്ഥാന സർക്കാർ നോമിനേറ്റ് ചെയ്യേണ്ടത് ആരെയെല്ലാമാണെന്ന് പ്രത്യേകം പറയുന്നില്ല. three members nominated by the State Government എന്നു മാത്രമാണ് പറയുന്നത്. അതുകൊണ്ട് ആരെവേണമെങ്കിലും നോമിനേറ്റ് ചെയ്യാം. അത് ശരിയല്ല. സംസ്ഥാന ഗവൺമെന്റിൽനിന്ന് യൂണിയൻ ഉണ്ടാക്കുമ്പോൾ നോമിനേഷന്റെ നോംസ് ആന്റ് ഗൈഡ്‌ലൈൻസ് കൊടുക്കണം. അങ്ങനെയാണെങ്കിൽ ഇതിന് റൂൾസ് എല്ലാ സംസ്ഥാനങ്ങൾക്കും ഒരുപോലെ ഉണ്ടാക്കണമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ മോഡേൺ റൂൾസിനെ സംബന്ധിച്ച് കേന്ദ്രഗവൺമെന്റിനോട് ചോദിക്കണം. മൂന്നുമെമ്പർമാരെയും അങ്ങനെയാണ് നോമിനേറ്റ് ചെയ്യുന്നത്. കേന്ദ്ര ഗവൺമെന്റ് നോമിനേറ്റ് ചെയ്യുന്നത് എല്ലാം പ്രത്യേകം പറഞ്ഞിട്ടുള്ളതായ വിഭാഗങ്ങളെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഗവൺമെന്റിന് മാത്രം ഒരു അധികാരം കൊടുത്തിരിക്കുകയാണ്. അതു കൊണ്ട് വെറ്ററിനറി കൗൺസിലുമായി ബന്ധപ്പെട്ടിട്ടുള്ളതായ പലരെയും കൊണ്ടുവരികയെന്നുള്ള ഒരു പരിപാടിയായി ഇത് മാറാൻ പാടില്ലായെന്നുള്ളതുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് ഇതിൽ നിർബ്ബന്ധമുണ്ടാകണം. അതുകൊണ്ട് ഇതിന് റൂൾസുണ്ടാക്കുമ്പോൾ ഇത് വ്യത്യാസപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇത് 57-ാം വകുപ്പുപ്രകാരം പറയുന്നുണ്ട്. 30-ാം വകുപ്പ് നിരോധിക്കാനുള്ള അധികാരം കൊടുക്കുന്നതിനുമായിട്ടുള്ള വകുപ്പാണ്. അതെല്ലാം വളരെയധികം താല്പര്യത്തോടുകൂടി ആലോചിച്ച് തീരുമാനിച്ചിട്ടുള്ളതായ കാര്യങ്ങളാണ്. നമ്മുടെ സംസ്ഥാനത്ത് കാളിഫൈഡായിട്ടുള്ള ലൈവ്സ്റ്റോക്ക് അസിസ്റ്റന്റ്സ് ആരെങ്കിലും ചികിത്സ നടത്തുന്നുണ്ടെങ്കിൽ അവർക്കുകൂടി പ്രാക്ടീസ് ചെയ്യാനുള്ള സൗകര്യം ഇതുമൂലം ഉണ്ടാക്കിക്കൊടുക്കണം. അതെല്ലാം ആലോചിച്ച് ഈ നിയമം,—ഈ പ്രമേയം പാസാക്കാണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ടി. കെ. ഹംസ: സർ, ഈ പ്രമേയത്തിന്റെ ഉള്ളടക്കത്തെ പൂർവ്വകാല പ്രാബല്യത്തോടുകൂടി എന്ന നിർദ്ദേശത്തോടുകൂടി ഞാൻ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിനും ഇന്ത്യാ മഹാരാജ്യത്തിനും നിയമങ്ങളും ചട്ടങ്ങളും ഇല്ലാത്തതാണ് പ്രയാസം. നിയമങ്ങളും ചട്ടങ്ങളും നീതിപൂർവ്വം നടപ്പാക്കുന്നതിനാവശ്യമായ മെഷിനറി ഇവിടെയില്ല. ഇവിടെ മന്ത്രിയുടെ നോട്ടോടുകൂടി മെമ്മോറാണ്ടങ്ങൾ വലിച്ചുകീറി ചവറ്റുകൊട്ടയിലെറിയുന്ന കോർപ്പറേഷൻ ചെയർമാൻമാരും മന്ത്രിമാരും ഭരണാധികാരികളും തമ്മിൽ യോജിപ്പില്ല. ഒരു പാർട്ടി തമ്മിൽ അടി. മന്ത്രിയും മന്ത്രിയും തമ്മിൽ അടി. ആരോപണങ്ങൾക്ക് വിധേയനായ എക്സൈസ് വകുപ്പു മന്ത്രി രാജി വയ്ക്കണ്ട. രണ്ടു കേസുകൾ നിലവിലുള്ള ഗംഗാധരൻ മന്ത്രിയും രാജി വയ്ക്കണ്ട. ശ്രീ. ബാലകൃഷ്ണപിള്ള മാത്രം രാജിവച്ചാൽ മതിയോ? ഞാൻ ഇവിടത്തെ പൊതു സ്ഥിതിയാണ് പറയുന്നത്. ബഹുമാനപ്പെട്ട മൃഗവകുപ്പുമന്ത്രി ഈ പ്രമേയം അവതരിപ്പിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. ഞാൻ മൃഗത്തിന്റെ കാര്യം പറയാം. മൃഗവകുപ്പുമന്ത്രിയുടെ പ്രമേയത്തോട് എനിക്ക് എതിരില്ല. ഈ സംസ്ഥാനത്ത് മൃഗീയ മർദ്ദനങ്ങൾ നടക്കുന്നുണ്ട്. എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. രാഘവൻ പൊഴക്കടവിലിന്റെ മകനെ വഴിയിലിട്ട് പോലീസ് മൃഗീയമായി മർദ്ദിച്ചു. ഇന്നലെ സംസ്ഥാന കെ. എസ്. യു. പ്രസിഡന്റ് ശരശ്ചന്ദ്രപ്രസാദിനെ പോലീസ് മൃഗീയമായി മർദ്ദിച്ചു. ബഹുമാനപ്പെട്ട മന്ത്രിയാണെങ്കിൽ-വയലാർ രവിയെന്നാണ് പേര് -മന്ത്രി വകുപ്പ് മൃഗീയം. അദ്ദേഹം പോലീസ് കൈകാര്യം ചെയ്തുകൊണ്ട് സ്വന്തം പാർട്ടിയിൽ വിദ്യാർത്ഥികളെയും എം. എൽ. എ. മാരുടെ മക്കളെയും ക്രൂരമായി മർദ്ദിക്കുന്നു. (ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം ഹസ്സൻ: മിണ്ടാപ്രാണികളെക്കുറിച്ച് സംസാരിക്കുമ്പോൾ ഇരുകാലി മൃഗങ്ങളെക്കുറിച്ച് സംസാരിക്കുന്നത് ഓർഡറിലാണോ?

ശ്രീ. ടി. കെ. ഹംസ: ഇതിൽ എന്താണ് സർ ഓർഡർ? ഗവൺമെന്റിന്റെ കീഴിൽ ജനങ്ങളെപ്പോലും മൃഗ തുല്യമായി കാണുന്നുവെന്നാണ് പറഞ്ഞത്. ശ്രീ. വയലാർ രവിയും ശ്രീ. ഹസ്സനുമൊക്കെ ശ്രീമതി ഇന്ദിരാഗാന്ധിയുടെ അമിതാധികാരത്തെ എതിർക്കാനും കുടുംബ വാഴ്ചയെ തകർക്കാനും വേണ്ടി കോൺഗ്രസ് വിട്ട് ഇന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ തകർക്കാനുമെന്നുവരെ പറഞ്ഞത് അധികാരത്തിന്റെ അപ്പക്കഷണങ്ങൾ വായിലിടാനും അധികാരത്തിന്റെ ചക്കരക്കുടയിൽ കൈയിട്ട് നക്കാനും വേണ്ടിയാണ്. ഇപ്പോൾ അധികാരം ശ്രീമതി ഇന്ദിരാഗാന്ധിയുടെ കോൺഗ്രസിനായപ്പോൾ അവിടെപ്പോയിരിക്കുകയാണ് ശ്രീ. ഹസ്സനും വയലാർ രവിയും. ഈ അമിതാധികാരത്തെ എതിർക്കുന്ന കുടുംബ വാഴ്ചയെ തകർക്കുന്ന കോൺഗ്രസുകാർ.....ആണ് ശ്രീ. വയലാർ രവിയുടെ പോലീസ് കെ. എസ്. യു. (ഐ) ക്കാരായ ശ്രീ. രാഘവൻ പൊഴക്കടവിലിന്റെ മക്കളെയും ശരത്ചന്ദ്രപ്രസാദിനെയും തല്ലുന്നു. നാളെ ശ്രീ. കരുണാകരൻ വയലാർ രവിയുടെ കൈയിൽ നിന്ന്.....(ബഹളം) ഞാൻ പറയുന്നത് അധികാരത്തിന്റെ ചക്കരക്കുടത്തിൽനിന്ന് കൈയിട്ട് ഈമ്പുന്ന അവസരവാദികൾ കാലുമാറി, നിറം മാറി, ശ്രീ. രാഘവൻ പൊഴക്കടവിലിന്റെ മക്കളെയും ശരത്ചന്ദ്രപ്രസാദിനെയും തല്ലുന്നതു മാത്രമല്ല, ശ്രീ. വയലാർ രവിയുടെ പോലീസ് ശ്രീമാൻ കരുണാകരനെയും തല്ലുന്നത് കണ്ടിട്ടുവേണം എനിക്ക് മരിക്കാൻ. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. കെ. നായനാർ : ചെയർമാൻ സർ, ഈ ബില്ലിനെ സംബന്ധിച്ച് ഇതിനെ പൊതുവെ സ്വാഗതം ചെയ്തുവെങ്കിലും ചില പ്രശ്നങ്ങൾ ഞാൻ ഉന്നയിക്കുകയാണ്. ഏതെല്ലാം സ്റ്റേറ്റുകളിലാണ് ഇത് പാസ്സാക്കിയതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമായിരിക്കും. പക്ഷേ അത് വടക്കേ ഇൻഡ്യൻ സ്റ്റേറ്റുകളിലാണ്. രാജസ്ഥാൻ, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിലാണ് പാസ്സാക്കിയിട്ടുള്ളത്. സൗത്ത് ഇൻഡ്യൻ സ്റ്റേറ്റുകളിൽ പാസ്സാക്കിയിട്ടില്ല. ഈ നിയമം പാസ്സാക്കുമ്പോൾ സ്റ്റേറ്റുകളുടെ സ്വയംഭരണാവകാശത്തിന്മേൽ ഒരു കടന്നാക്രമണം നടത്താനുള്ള പഴുതില്ലേയെന്ന് ഞാൻ ബലമായി സംശയിക്കുകയാണ്. ഉദാഹരണത്തിന്, സ്റ്റേറ്റ് കൗൺസിലിനെക്കുറിച്ച് ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പരാമർശിച്ചു. സെക്ഷൻ 29, 30, 31 Three members nominated by State Government.

എന്നുമാത്രമല്ല, മറ്റൊന്ന്—

Appointment of Commission of Inquiry:—Whenever it appears to the Central Government that the council is not complying with any of the provisions of this Act, the Central Government may appoint a Commission of Inquiry

consisting of three persons, two of whom shall be appointed by the Central Government, one being the Judge of a High Court and one by the Council and refer to it the matter on which the inquiry is to be made.

മൂന്നിൽ രണ്ടും സെൻട്രൽ ഗവൺമെന്റാണ്. ലോകസഭയും രാജ്യസഭയും പാസ്സാക്കണം. ഇത് രണ്ടും പാസ്സാക്കിയാലേ നിയമം വരുകയുള്ളൂ. അപ്പോൾ ഇവിടെ നിയമം പാസ്സാക്കിയാലും ആൾ ഇൻഡ്യയുടെ ഭാഗമായി എടുക്കുന്ന സമയത്ത്, സ്റ്റേറ്റുകൾക്കുള്ള സ്വയംഭരണാവകാശത്തിന്റെ മുകളിൽ ചെറിയൊരു സ്വാധീനശക്തി ചെലുത്തുക എന്നുള്ളതാണ്. ഇപ്പോൾ മെഡിക്കൽ കൗൺസിലുണ്ട്. അതുപോലെത്തന്നെ വെറ്റിറനറി. ഈ നിയമം പാസ്സാക്കിയാലും നാലുകാലി മൃഗങ്ങളൊന്നും ഇങ്ങോട്ട് വരാൻ പോകുന്നില്ല. എല്ലാ സ്റ്റേറ്റിലും ഒരുപോലെയാണോ കന്നുകാലികളെ നോക്കുന്നത്? ഒരുപോലെയല്ല വ്യത്യസ്ത രൂപത്തിലാണ്. അതിനെ പരിപാലിക്കുന്നതും, അതിനെ അറുത്ത് തിന്നുന്നതും വ്യത്യസ്ത രൂപത്തിലാണ്. സംരക്ഷിക്കുന്നതും പോറ്റുന്നതും വളർത്തുന്നതും എല്ലാം വ്യത്യസ്ത രീതിയിലാണ്. ഇൻഡ്യയിലെ കാർഷിക സമ്പത്തിന്റെ ഒരു ഭാഗമായിട്ടുള്ള കന്നുകാലികളെ സംരക്ഷിക്കുന്നതുതന്നെ ഇൻഡ്യയിൽ ഒരേ രീതിയിലല്ല. ഈ നിയമം പാസ്സാക്കുകയാണെങ്കിലോ Three members nominated by Government ആണ്. ഇവിടെ ഈ നിയമം പാസ്സാക്കിയാലും ലോകസഭയും രാജ്യസഭയും അംഗീകരിക്കണം. സെൻട്രൽ കൗൺസിലിലാണെങ്കിൽ മൂന്നിൽ രണ്ടും അവർ നോമിനേറ്റ് ചെയ്തതാണ്. മുഴുവനും അവിടെയാണ് കേന്ദ്രീകരിച്ച് പിടിക്കുന്നത്. കേന്ദ്രത്തിൽനിന്ന് പൈസ കിട്ടുമെന്നാണോ നിങ്ങൾ വിചാരിക്കുന്നത്? കിട്ടുന്നത് എന്താണെന്ന് മനസ്സിലായല്ലോ? വരൾച്ചക്കും വെള്ളപ്പൊക്കത്തിനും എത്രയാണ് കിട്ടിയതെന്ന് മനസ്സിലായല്ലോ. ആയിരം കോടിക്ക് 40 കോടിയാണ് കിട്ടിയത്. അതുകൊണ്ട് ഇത് കിട്ടുമെന്നുള്ള പ്രതീക്ഷ വേണ്ട. നമ്മുടെ രാജ്യത്തിന്റെ സ്വയംഭരണാവകാശത്തിന്മേൽ കൂടുതൽ സ്വാധീനശക്തി ചെലുത്താനുള്ള പഴുതുകൾ ഇതിലുണ്ട്. ഇപ്പോൾ കിട്ടിയ 40 കോടിയിൽതന്നെ 36 കോടിയും കടമാണ്. മൂന്നു ദിവസം ശ്രീ. കരുണാകരൻ അവിടെ കുത്തിയിരുന്നിട്ടാണ് 40 കോടി കിട്ടിയത്. ഞാൻ പ്രധാനമന്ത്രിയെ കണ്ടു. മുഴുവൻ കിട്ടുമെന്ന് അപ്പോൾ പറഞ്ഞിട്ടുണ്ടെന്നാണ് പറയുന്നത്. കൈയിൽ കിട്ടി റസീപ്റ്റ് വാങ്ങിയല്ലാതെ ഞങ്ങൾ വിശ്വസിക്കുകയില്ല. അതല്ലാതെ എനിക്ക് വിശ്വസിക്കാൻ പറ്റുകയില്ല. ആ രീതിയിലാണ് കഴിഞ്ഞകാല അനുഭവങ്ങൾ. മറ്റേതൊക്കെ പത്ര പ്രചരണമാണ്. ഞാൻ ഈ പ്രമേയത്തെ എതിർക്കുകയല്ല, പിൻതാങ്ങുകയാണ്. പക്ഷേ നാം ഇതിനെ സംബന്ധിച്ച് അവഗാഢമായിട്ട് പരിശോധിക്കണം. ഭാവിയിൽ ഇതിനെക്കുറിച്ച് വിമർശിക്കൻ ഇടവരത്തക്ക രീതിയിൽ, സംസ്ഥാനത്തിന്റെ സ്വയംഭരണാവകാശത്തെ കൂടുതൽ അടിയറവ് വെക്കുന്നതരത്തിൽ വരരുത്. അതൊന്ന് പരിശോധിക്കണം. റൂൾസ് ഫ്രെയിം ചെയ്യുന്നതും മറ്റും ആ രീതിയിലായിരിക്കണം. ഇപ്പോൾ നോമിനേഷനൊക്കെ സെൻട്രൽ ആണ്. അതൊക്കെ പരിശോധിച്ച് കാര്യങ്ങളിൽ തീരുമാനമെടുക്കണമെന്നുള്ളതിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാതെ പോവുകയാണെങ്കിൽ ഭാവിയിൽ ഞാൻ കുറ്റക്കാരനായി തീരുമെന്നുള്ളതുകൊണ്ടാണ് ഞാനിതു പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, മിണ്ടാപ്രാണികളുടെ കാര്യത്തിൽ ഈ സഭയിൽ സംസാരിച്ച എല്ലാ അംഗങ്ങളും അഭിപ്രായം രേഖപ്പെടുത്തിയതിൽ എനിക്ക് സന്തോഷമുണ്ട്. അതുമാത്രമല്ല, മൃഗങ്ങൾക്ക് വാസ്തവത്തിൽ വോട്ടവകാശം ഇല്ലാതിരുന്നിട്ടുപോലും അംഗങ്ങളെല്ലാം അവരുടെ കാര്യത്തിൽ ഇത്രയധികം തൽപരരാണെന്നു കാണുന്നത് അങ്ങേയറ്റം അഭിനന്ദനമർഹിക്കുന്ന കാര്യമാണ്. ഇതിന്റെ ചർച്ചാവേളയിൽ ഉന്നയിച്ച പ്രശ്നത്തിന് രണ്ട്, മൂന്ന് കാര്യങ്ങൾ മാത്രമാണുള്ളത്. ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ പൂർവ്വകാല പ്രാബല്യത്തിന്റെ കാര്യം പറഞ്ഞു. പൂർവ്വകാല പ്രാബല്യം കിട്ടുകയില്ല. ഈ നിയമം പാസ്സാക്കുന്ന അന്നുമുതലേ ഇതിന്റെ ആനുകൂല്യം കിട്ടുകയുള്ളൂ. പാസ്സാക്കിയതിനുശേഷം ഇൻഡ്യാ ഗവൺമെന്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചാൽ മാത്രമേ ഇതിന്റെ പരിധിയിൽ പെടുകയുള്ളൂ. അതുകൊണ്ട് പൂർവ്വകാല പ്രാബല്യത്തിന്റെ പ്രശ്നമില്ല. അഥവാ വന്നാൽതന്നെ കൗൺസിൽ നമുക്ക് മുമ്പ് ഉണ്ടാക്കാൻ കഴിയുകയില്ല. 1934-ലെ കൗൺസിൽ രൂപീകരിക്കാൻ കഴിയുകയില്ല, അന്ന് നടക്കേണ്ട ചർച്ച ഇന്ന് നടത്താൻ കഴിയുകയില്ല. അത് പ്രായോഗികമായിട്ടുള്ള ഒരു കാര്യമല്ല.

ബഹുമാനപ്പെട്ട രണ്ട്, മൂന്ന് അംഗങ്ങൾ നാട്ടുവൈദ്യന്മാരുടെ കാര്യം പറഞ്ഞു. ഈ നിയമം അവരെ ദ്രോഹിക്കുന്നില്ല. പക്ഷേ ഒരു നിയന്ത്രണവുമില്ലാതെ അങ്ങനെയുള്ള ചികിത്സ എത്രമാത്രം പ്രശ്നങ്ങൾ ഉണ്ടാക്കുന്നു എന്നുള്ളത് ഒരു വശമാണ്. ഏതായാലും ഈ നിയമത്തിൽ അത് നിയന്ത്രിക്കുന്നതിനുള്ള ഒരു വ്യവസ്ഥയുമില്ല. ഇല്ലെങ്കിലും നാട്ടുവൈദ്യമെല്ലാം കുറഞ്ഞുവരുകയാണ്. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ നോമിനേഷന്റെ കാര്യം ഉന്നയിക്കുകയുണ്ടായി.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : ഇപ്പോൾ നമുക്ക് വെറ്ററിനറി ഡോക്ടേഴ്സിന്റെ ഷോർട്ടേജ് ഉണ്ട്. നാട്ടുവൈദ്യന്മാരുടെ സേവനം കൂടി പ്രയോജനപ്പെടുത്തിയില്ലെങ്കിൽ വെറ്ററിനറി സർവ്വീസ് നടത്താൻ കഴിയുകയില്ല. അതുകൊണ്ട് അതുംകൂടി ഉപയോഗപ്പെടുത്തണം.

ശ്രീ. കെ. പി. നൂറുദ്ദീൻ : അതിന് അംഗീകാരം കൊടുക്കാൻ വിഷമമുണ്ട്. വെറ്ററിനറി ഡോക്ടേഴ്സിന്റെ ക്ഷാമം പരിഹരിക്കാൻ മറ്റ് മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതായിരിക്കും പ്രായോഗികവും നല്ലതും. അതായത് കൂടുതൽ ഡോക്ടേഴ്സിനെ ഉണ്ടാക്കുക, സർവ്വീസിൽനിന്ന് പിരിഞ്ഞവരെകൂടി തിരിച്ചെടുക്കുക.

നോമിനേഷന്റെ കാര്യം, റൂൾ ഉണ്ടാക്കുമ്പോൾ ശ്രദ്ധിക്കണമെന്ന് ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞു. തീർച്ചയായും റൂൾ ഉണ്ടാക്കുന്ന അവസരത്തിൽ മറ്റ് സംസ്ഥാനങ്ങൾ എങ്ങനെയാണ് ഉണ്ടാക്കുന്നത് എന്നുകൂടി പരിശോധിച്ച് നമ്മുടെ സംസ്ഥാനത്ത്, അതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നിർദ്ദേശമുണ്ടെങ്കിൽ അതുംകൂടി കണക്കിലെടുത്ത് റൂൾ ഉണ്ടാക്കുമ്പോൾ പ്രത്യേകമായി ശ്രദ്ധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട നായനാർ 60-ാം വകുപ്പിൽ ചൂണ്ടിക്കാണിച്ച കാര്യം ഞാൻ മനസ്സിലാക്കിയിടത്തോളം സംസ്ഥാന ഭരണകൂടത്തിലും സംസ്ഥാനത്തിന്റെ അധികാരത്തിലും കേന്ദ്രം കൈയിടുന്നതിന്റെ യാതൊരു സൂചനയുമില്ല. മെഡിക്കൽ കൗൺസിൽ ഉണ്ട്. അതിൽ കൈയിടുന്നുണ്ടോ? നമ്മൾ പാസ്സാക്കിയാൽ വെറ്ററിനറി കൗൺസിൽ ഉണ്ടാക്കാനും, ഇൻഡ്യാ വെറ്ററിനറി കൗൺസിലുമായി ബന്ധപ്പെടാനും, അവിടെ പങ്കെടുക്കാൻ ഈ സംസ്ഥാനത്തിന്റെ, വെറ്ററിനറി പ്രവർത്തന രംഗത്തെ കാര്യങ്ങൾ അവരുടെ ശ്രദ്ധയിൽ പെടുത്താനും, നമുക്ക് കൂടുതൽ സൗകര്യം കിട്ടുമെന്നുള്ളത് ഒരു വസ്തുതയാണ്. അതുകൊണ്ട് ആശങ്കയ്ക്കൊന്നും കാര്യമില്ല.

ശ്രീ. ഇ. കെ. നായനാർ: ശ്രദ്ധയിൽപ്പെടുത്താൻ സൗകര്യം കിട്ടുകയില്ല എന്നല്ല ഞാൻ പറഞ്ഞത്. സ്വയംഭരണമായ സ്റ്റേറ്റുകൾക്കുള്ള അധികാരങ്ങൾ ചുരുക്കത്തക്കവിധത്തിലുള്ള പ്രൊവിഷൻ ഇതിലുണ്ടെന്നാണ് ഞാൻ പറഞ്ഞത്. റൂൾ/റൂൾസ് ഉണ്ടാക്കുമ്പോൾ അത് ശ്രദ്ധിക്കണമെന്നാണ് ഞാൻ പറയുന്നത്.

ശ്രീ. കെ. പി. നൂറുദ്ദീൻ: അതുംകൂടി ശ്രദ്ധിക്കാം. സംസ്ഥാന നിയമസഭകൾ നിയമം പാസ്സാക്കിയതിനുശേഷം പല സംസ്ഥാന നിയമസഭകളും പ്രമേയം പാസ്സാക്കിയിട്ടുണ്ടെന്നു പറഞ്ഞു. എനിക്ക് കിട്ടിയ വിവരം അനുസരിച്ച് നാഗാലാന്റ് നിയമസഭയും സിക്കിം നിയമസഭയും പ്രമേയം പാസ്സാക്കി അവർക്കുകൂടി ബാധകമാക്കിയിട്ടുണ്ട്. വടക്കൻ സംസ്ഥാനങ്ങളാണ്, തെക്കൻ സംസ്ഥാനങ്ങളിലില്ലായെന്ന് ബഹുമാനപ്പെട്ട നായനാർ പറഞ്ഞു. ഓരോ സംസ്ഥാനത്തിനും നേരത്തെത്തന്നെ അവരുടേതായ നിയമങ്ങളുണ്ട്. പശ്ചിമ ബംഗാൾ, തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങൾക്ക് അവരുടേതായ നിയമം നേരത്തെയുണ്ട്. കേരളത്തിൽ അങ്ങനെയൊരു നിയമം കൊണ്ടുവരാൻ ശ്രീ. എം. എൻ. ഗോവിന്ദൻ നായർ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് ഈ സഭയിൽ അവതരിപ്പിച്ചതായിരുന്നു. പക്ഷേ അന്ന് ഇത് പാസ്സായില്ല. തുടർന്നും പാസ്സായില്ല. അതുകൊണ്ടാണ് ഇവിടെ നിയമമില്ലാതിരുന്നത്. ഈ നിയമം പാസ്സാക്കുന്നത് ഈ പ്രവർത്തന രംഗത്ത് വളരെയേറെ സഹായകരമായിരിക്കും.

ഈ സഭയിലെ എല്ലാ അംഗങ്ങളും പ്രകടിപ്പിച്ച അഭിപ്രായങ്ങൾക്ക് നന്ദി പറയുന്നു. കൂടുതൽ മെച്ചപ്പെട്ട മൃഗ ചികിത്സ ഈ സംസ്ഥാനത്ത് സംഭാവന ചെയ്യാൻ ഉതകത്തക്കനിലയിൽ, നിയമത്തിന്റെ ആനുകൂല്യങ്ങൾ നേടിയെടുക്കാൻ ഈ പ്രമേയം പാസ്സാക്കിയെടുത്താൽ സൗകര്യം കിട്ടും. അതുകൊണ്ട് ഈ പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയം ഐകകണ്ഠ്യേന സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly